## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **31-08-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. സർവീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ മലയോര ഗ്രാമങ്ങളായ ചിമ്മിനിഡാം, ഇഞ്ചക്കുണ്ട്,കുണ്ടുകടവ്, വെള്ളാനിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തൃശ്ശൂർ മെഡിക്കൽകോളേജ്, ചാലക്കുടി, തൃശ്ശൂർ ഡിപ്പോ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്ന സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **പുതുക്കാട് മണ്ഡലത്തിലെ മലയോര ഗ്രാമങ്ങളായ ചിമ്മിനിഡാം, ഇഞ്ചക്കുണ്ട്, കുണ്ടുകടവ്, വെള്ളാനിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ്, ചാലക്കുടി, തൃശ്ശൂർ ഡിപ്പോ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി. സി. നടത്തി വന്നിരുന്ന 3 സർവീസുകൾ നിർത്തലാക്കിയിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത സർവീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | രണ്ട് സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.<br><br>ബാക്കി ഒരു സർവ്വീസ് ജീവനക്കാരെ പുനക്രമീകരിച്ച് ലഭ്യമാക്കി യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് പുനരാരംഭിക്കുന്നതാണ്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന അധിക ജീവനക്കാരെ ഉപയോഗിച്ച് ഇതോടൊപ്പം കൂടുതൽ ലാഭകരമായ സർവ്വീസുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി സർവ്വീസുകളും ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ